മിസ്റ്റർ എം. ശിവരാമമേനോൻ: എന്താണ്ടു മൂന്നു നാലു കൈ മറിയേണ്ടിവരും. അപ്പോഴെല്ലാം ടാക്സും കൊടുക്കണം. മുഴുവൻ ലാഭവും നഷ്ടപ്പെടുന്നപക്ഷം ഗവൺമെണ്ടു് അതിനെപ്പററി ആലോചിക്കാം.

NEW COURSES OF STUDY IN THE MAHARAJA'S COLLEGE

19. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) whether the Government have any idea of introducing new courses of study in the Maharaja's College, Ernakulam;

(*b*) if the answer to (*a*) is in the affirmative what are the new courses proposed and when will they be introduced ?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes.

(*b*) Honours course in Chemistry, Technological courses. It cannot be definitely stated when they will be introduced because regarding Honours course affiliation from the University has not been obtained and regarding Technological courses the scheme is not completed.

Mr. P. Govinda Menon *(Minister for Food and Education):* I must add that with respect to the Honours course in Chemistry it is only an idea and not a decision; because in (a) the question is whether the Government have any idea and the answer is that there is such an idea. With respect to Technological courses I will give this information. The courses contemplated are pharmaceutical science that has already been started, Ayurvedic research, heavy chemicals, oil and soap technology and textile technology.

Mr. P. Kumaran Ezhuthassan *(Vadakkancheri):* With regard to the idea of Honours course in Chemistry has anything been practically done ?

Mr. P. Govinda Menon *(Minister for Food and Education):* We first take ideas, then decision and after that, execution.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Have we progressed beyond the idea ?

Mr. P. Govinda Menon *(Minister for Food and Educatin):* In pursuance of the idea application has been made to the Madras University for affiliation.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know when that application was made ?

Mr. P. Govinda Menn *(Minister for Food and Education):* Last month, October.

CLOTH DISTRIBUTION IN THE PALLIPPURAM-KUZHUPPILLI VILLAGE

20. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പള്ളിപ്പുറം-കുഴുപ്പിള്ളി വില്ലേജു് നിവാസികൾക്കു തുണി വാങ്ങുന്നതിനു പെർമിറ്റു വാങ്ങുവാൻ അവിടങ്ങളിൽ ഫീൽഡാഫീസ്സരുടെ ആഫീസ്സില്ലെന്നു സംഗതി ഗവൺമെണ്ടിനറിയാമൊ?

(ബി) ചേന്നമംഗലത്തുപോയി പ്രസ്തുത നാട്ടുകാർ പെർമിറ്റു വാങ്ങുക എന്നതു ബുദ്ധിമുട്ടായ ഒരു സംഗതിയാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അറിയാം.

(ബി) പുതിയതായി കൂടുതൽ ഫീൽഡാഫീസ്സറന്മാരെ നിയമിക്കുന്നതിനുമുമ്പു് ടി പ്രദേശങ്ങളിലേക്കു് തുണികൂ പെർമിറ്റുകൾ കൊടുത്തിരുന്നതു അന്നത്തെ ഞാറക്കൽ ഫീൽഡാഫീസ്സറാണു്. അന്നത്തെ ഫീൽഡാഫീസ്സരുടെ അധികാരാതിർത്തി പള്ളിപ്പുറം മുതൽ അങ്ങേക്കടവുവരെയായിരുന്നു. എന്നാൽ ഗവൺമെണ്ടിൽനിന്നും ഉണ്ടായ ക്ഷാമാശ്വാസത്തെ Fd 6. ഫീൽഡ് സൺ/ഫുഡ് കാൺസ്ട്രോൾ കല്പനപ്രകാരം നിശ്ചയിച്ചിട്ടുള്ള പുതിയ പദ്ധതിയനുസരിച്ചു് ഫീൽഡാഫീസ്സറന്മാർക്കു് അവരുടെ Head quarters-ൽനിന്നു മാത്രമെ പെർമിറ്റുകൾ വിതരണം ചെയ്യുന്നതിനു സാധിക്കയുള്ളു. അതിലേക്കു വൈകുന്നേരണം ക്ലാർക്കുമാരെയും നിശ്ചയിച്ചിട്ടുണ്ടു്. അകലെയുള്ള ദിക്കുകളിൽനിന്നു കിട്ടുന്ന അപേക്ഷകൾക്കു താമസം കൂടാതെ പെർമിറ്റു കൊടുക്കുന്നതിനും ഫീൽഡാഫീസ്സർക്കു് നിർദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശം കൊടുത്തിട്ടുണ്ട്. എല്ലാ പ്രദേശങ്ങളിലും പോയി പെർമിറ്റുകൾ വിതരണം ചെയ്യുന്നതിനു ഫീൽഡാഫീസ്സുക്കു് സൌകര്യപ്പെടുന്നതല്ല.

മിസ്റ്റർ കെ. എ. രാഘവൻ: ഫീൽഡാപ്പീസ്സർമാക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ആ നിർദ്ദേശം ശരിക്കു പാലിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശരിക്കു പരിപാലിക്കുന്നില്ല എന്നുണ്ടെങ്കിൽ അറിയുന്നതനുസരിച്ചു് ഉടനെ നടപടി എടുക്കാം.

മിസ്റ്റർ കെ. എ. രാഘവൻ: അപേക്ഷ കൊടുത്തിട്ടു മൂന്നുമാസമായിട്ടും പെർമിറ്റു കൊടുക്കാതെയിരുന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർ എനിക്കു അറിവുതരുകയാണെങ്കിൽ ഉടനെ നടപടി എടുക്കാം. എന്റെ ട്രഷറിയിൽ പെട്ടിട്ടുള്ളിടത്തോളം വേണ്ടതു സൌകര്യപ്പെടുത്തീട്ടുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇതിലും കൂടുതൽ സൌകര്യപ്രദമായ വിധത്തിൽ വിതരണം ചെയ്യുവാനുള്ള വല്ല ഐഡിയായും (Idea) ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചോദ്യോത്തരസമയത്തു അതു മുഴുവൻ വിശദീകരിക്കാൻ നിവൃത്തിയില്ല.

Mr. P. A. Muhammad Ashrof *(Cranganur)*: Have the Government any idea to ration the cloth distribution?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഇപ്പോൾ ഒരു നിശ്ചയമുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഞാറക്കൽ പ്രദേശത്തേക്കു കൂടുതൽ ഒരാളെക്കൂടി വെക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ സ്ഥലത്തേക്കു ഒരു ഫീൽഡാപ്പീസ്സർ പോര എന്നുള്ളപക്ഷം അതിനെപ്പറ്റി തീച്ചയായും ആലോചിക്കാം.

മിസ്റ്റർ കെ. എ. രാഘവൻ: അപേക്ഷ കൊടുത്തിട്ടു മൂന്നുമാസമായിട്ടും അവരുടെ ആവശ്യങ്ങൾ നിവ്വഹിക്കുവാൻ സാധിച്ചിട്ടില്ലെന്നു ഗവൺമെണ്ടിന്നറിയാമൊ? അവരുടെ ആവശ്യങ്ങൾ നിവ്വഹിക്കുവാൻ തക്കവണ്ണം പെർമിറ്റു കൊടുക്കുന്നതിന്നുത്തരവുണ്ടാകുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടിൽനിന്നും തുണിക്കുള്ള പെർമിറ്റു കൊടുക്കുവാനായിട്ടാണു് നാനാഭാഗങ്ങളിലും ഫീൽഡാപ്പീസ്സർമാരെ വെച്ചിട്ടുള്ളതു്. അതിനും പുറമെ ഗവൺമെണ്ടു് അങ്ങിനെ ഒരു ഉത്തരവുംകൂടി കൊടുത്താൽ കഴപ്പമാണു്. വല്ല ആക്ഷേപങ്ങളുമുണ്ടെങ്കിൽ അതു് ഗവൺമെണ്ടിന്റെ ട്രഷറിയിൽ കൊണ്ടുവന്നാൽ അതിനു പരിഹാരമുണ്ടാക്കാം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇപ്പോൾ കൊണ്ടുവന്നിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതല്ലെ പറഞ്ഞതു്, ഇപ്പോൾ വന്ന സ്ഥിതിക്കു നോക്കാമെന്നു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അപേക്ഷകൾ മാത്രം അയച്ചാൽ മതി പെർമിറ്റു കിട്ടുന്നതിനു് എന്നാണോ ഗവൺമെണ്ടു് ധരിച്ചിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഇതേവരെ പെർമിറ്റു വാങ്ങിച്ചിട്ടില്ല. പെർമിറ്റു വാങ്ങിച്ചിട്ടുള്ളവർക്കു് അതിനെപ്പറ്റി നിശ്ചയമുണ്ടാകും.

മിസ്റ്റർ പി കുമാരനെഴത്തച്ഛൻ: അതു് ഗവൺമെണ്ടിന്റെ അഭിപ്രായമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കുള്ള അറിവല്ലാതെ ഈ വിഷയത്തെപ്പറ്റി മറ്റൊന്നും ഗവൺമെണ്ടിനും അറിയുകയില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ ഉത്തരം തീരെ സ്പീകായ്മല്ലതന്നെ.

LIBRARY ARCHIVES Kerala Legislative Assembly